നമ്പർ : പി.റ്റി(1) 129/05

സഹകരണ സംഘം രജിസ്ട്രാറാഫീസ്,

തിരുവനന്തപുരം. 05.03.2005.

സർക്കുലർ നമ്പർ- 6/05.

വിഷയം:- സഹകരണ വകുപ്പ്- കണ്ണൂർ സഹകരണ പരിശീലന കേന്ദ്രം കെട്ടിട നിർമ്മാണ ത്തിന് സാമ്പത്തിക സഹായം നൽകുന്നത് സംബന്ധിച്ച്:-

സൂചന:- സംസ്ഥാന സഹകരണ യൂണിയൻ മാനേജിംഗ് കമ്മിറ്റിയുടെ 21/12/04 ലെ 17-ാം നമ്പർ തീരുമാനം.

സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ കണ്ണൂരിൽ പ്രവർത്തിക്കുന്ന സഹകരണ പരിശീ ലന കേന്ദ്രത്തിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് യൂണിയന് സംഭാവന നൽകുന്നതിന് കണ്ണൂർ, കാസർകോട് ജില്ലകളിലെ സ്പെഷ്യൽ ക്ളാസ് ക്ളാസ് 1 സഹകരണസംഘങ്ങൾക്ക് നിർദേശം നൽകണമെന്ന് സൂചന പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

കണ്ണൂർ സഹകരണ പരിശീലന കേന്ദ്രത്തിന്റെ കെട്ടിടം പണിക്കായി സഹകരണ ചട്ടങ്ങൾക്കും ബൈലാക്കും വിധേയമായി സംഭാവന നൽകുന്നതിന് കണ്ണൂർ, കാസർഗോഡ് ജില്ലയിലെ സ്പെഷ്യൽ ക്ളാസ് ക്ളാസ്1 സഹകരണ സംഘങ്ങളെ അനുവദിച്ചിരിയ്ക്കുന്നു. മേൽപ്രകാരം നൽകുന്ന സംഭാവന സംസ്ഥാന സഹകരണ യൂണിയന്റെ കീഴിൽ പ്രവർത്തിക്കുന്ന സഹക രണ വിദ്യാഭ്യാസ ഇൻസ്ട്രെക്ടർമാർ മുഖാന്തിരം സംസ്ഥാന സഹകരണ യൂണിയന്റെ രസീതു പ്രകാരം നൽകാവുന്നതാണെന്നും അറിയിക്കുന്നു.

ഒപ്പ്

കെ.കേശവൻ,

സഹകരണസംഘം രജിസ്ട്രാർ (ഇൻചാർജ്).

1) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ എല്ലാ സഹകരണ സംഘങ്ങൾക്കും (ജോയിന്റ് രജി സ്ട്രാർ ജനറൽ മുഖാന്തിരം)
2) അഡീഷണൽ രജിസ്ട്രാർ/സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, ഊറ്റുകുഴി, തിരു വനന്തപുരം.
3) ജോയിന്റ് രജിസ്ട്രാർ (ഓഡിറ്റ്) കണ്ണൂർ, കാസർഗോഡ്
4) സ്റ്റോക്ക് ഫയൽ.
5) സ്പെയർ.

ആജ്ഞാനുസരണം

സഹകരണസംഘം രജിസ്ട്രാർക്ക് വേണ്ടി.